സ്കാർലെറ്റ് സെന്റ് ക്ലെയറിന്റെ "എ ടച് ഓഫ് ഡാർക്ക്നെസ്സ് " എന്ന ഫാന്റസി നോവലിന്റെ ചാപ്റ്റർ ബൈ ചാപ്റ്റർ ആസ്വാദനം . ______________- നീന പനക്കൽ

( ഇതൊരു വെറും ആസ്വാദനം മാത്രമാണ്. ഈ ആസ്വാദനം ഒരു പുസ്തകമാക്കാൻ ഉദ്ദേശമില്ല. മിസ് സെന്റ് ക്ലെയറിനു നന്ദി.)

[ആമുഖം—--(PREFACE )

പെർസെഫനി കോഫിഹൗസിന്റെ മുറ്റത്തിട്ടിരുന്ന കസേരകളിലൊന്നിൽ അലസമായി ഇരുന്നു . തണൽമരങ്ങൾ നിരന്നു നിൽക്കുന്ന , ധൂമ്ര വർണ്ണത്തിലും പാടല ധവള വർണ്ണങ്ങളിലുമുള്ള പുഷ്പങ്ങൾ സുഗന്ധം പരത്തി നിൽക്കുന്ന, ആ ഭംഗിയുള്ള കെട്ടിടത്തിന് ചുറ്റും ചെറു തെന്നൽ മനോജ്ഞമായ ഗന്ധം പരത്തിയിരുന്നു.

ഇതൊരു നല്ല ദിവസമാണ് . പെർസെഫനി പുഞ്ചിരിച്ചു .പഠിക്കണമെന്ന ചിന്തയോടെ വന്ന് ഇരുന്നതാണെങ്കിലും അവളുടെ കണ്ണുകൾ മേശപ്പുറത്ത് പൂപ്പാത്രത്തിൽ വച്ചിരുന്ന നാർഷിസസ് പുഷ്പങ്ങളിലേക്ക് പാറി.അധികം പുഷ്പങ്ങൾ ഇല്ലായിരുന്നെങ്കിലും ഉണ്ടായിരുന്നവയുടെ ഇതളുകൾ ഉണങ്ങി ഒരു ശവത്തിന്റെ വിരലുകൾ പോലെ കാണപ്പെട്ടു .

നാർഷിസസ് മരിച്ചവരുടെ ,മരണത്തിന്റെ ,ദേവനായ ഹെയ്ഡിസിന്റെ പുഷ്പമാണ് ,അയാളുടെ അടയാളമാണ് . മേശപ്പുറത്ത് അലങ്കാരമായിട്ടല്ല ,ശവപ്പെട്ടികളിൽ ചൂടിക്കാനായിട്ടത്രേ ഇവയെ ഉപയോഗിക്കുന്നത് . മേശപ്പുറത്തു കാണുന്ന ഈ പൂക്കൾ കടയുടമസ്ഥന്റെ ബന്ധുക്കളിൽ ആരോ ഈ അടുത്തിടെ മരിച്ചിട്ടുണ്ടാവുമെന്നാണ് സൂചിപ്പിക്കുന്നത്. ഇത്തരം സന്ദർഭങ്ങളിൽ മാത്രമാണ് ഭൂമിയിലെ മനുഷ്യർ അധോലോകത്തിന്റെ, ,പാതാളത്തിന്റെ രാജാവായ ഹെയ്ഡിസിനെ ആരാധിക്കുന്നത്.... .....................

***********************

പുരാതന യവന കവിയായ ഹോമർ എഴുതിയ ഇലിയഡും ,ഒഡീസിയും യവന സാഹിത്യത്തിന്റെ അടിസ്ഥാന കൃതികളായി ,മുലക്കല്ലുകളായി കണക്കാക്കപ്പെടുന്നു. മാതാവ് കൃത്തിദ്ദ ,പിതാവ് മിയോനാസ് . ക്രിസ്തുവിനു മുൻപ് എട്ടാം നൂറ്റാണ്ടിലാണ് ഹോമർ ജനിച്ചത്.

വിവിധ രാജ്യങ്ങളിലുള്ള നിരവധി എഴുത്തുകാർ ഹോമറിന്റെ കഥകളെ ആസ്പദമാക്കി നോവലുകൾ രചിച്ചിട്ടുണ്ട് . അമേരിക്കൻ എഴുത്തുകാരി ,സ്കാർലട് സെന്റ് ക്ലെയർ ഇംഗ്ലീഷിൽ രചിച്ച നോവലുകൾ അതി മനോഹരമായ വായനാനുഭവം നൽകുന്നവയാണ് . മിസ്. സെൻക്ലെയർ ഹോമറിനെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ് ,"ഹോമർ ഈസ് കണ് സിഡേർഡ് വൺ ഓഫ് ദി മോസ്റ്റ് ഇൻഫ്ളുവൻഷ്യൽ ഓഥേഴ്സ് ഇൻ ഹിസ്റ്ററി ,ഹിസ് പോയംസ് ഷോ ഹീറോയിസം ,നോബിലിറ്റി ആൻഡ് ദി ഗുഡ് ലൈഫ് ദാറ്റ് ഓൾ ഗ്രീക്സ് സബ്സ്ക്രൈബ്ഡ് ടു . ഐ ഹാവ് ആൾവെയ്സ് ലവ്ഡ് ഗ്രീക്ക് മിത്തോളജി . ഇറ്റ് ഈസ് ക്രീപ്പി , വയലന്റ് , വിഷ്യസ് ആൻഡ് ഫുൾ ഓഫ് സെക്സ്. ' ഹോമറുടെ കവിതകൾ പ്രസിദ്ധമായ ഏറെ സാഹിത്യം,കല ,സംഗീതം എന്നിവയെ സ്വാധിനിച്ചിരിക്കുന്നു .

ഹോമറുടെ ഭാവനയിൽ മൂന്നു പ്രധാന ദേവന്മാരുണ്ട് , മൂന്ന് ലോകങ്ങളും .

ദേവന്മാരിൽ ഒന്നാമൻ സ്യൂസ് [Zeus ] ദേവന്മാരുടെയെല്ലാം രാജാവ് .
രണ്ടാമൻ ഹെയ്ഡിസ് (Heides )അധോലോകത്തിന്റെ ,പാതാളത്തിന്റെ ,മരിച്ചവരുടെ രാജാവ് ,എല്ലാ ദേവന്മാരിലും ധനികൻ . എയ്ഡോണിയസ് എന്നും അയാൾക്ക് പേരുണ്ട് .

മൂന്നാമൻ പൊസൈഡൻ .[ poseidon ] കടലിന്റെ രാജാവ് .

ലോകങ്ങളിൽ ദേവന്മാർ വസിക്കുന്നയിടം സ്വർഗ്ഗലോകം ,ഭൂമിക്ക് മുകളിൽ.
മനുഷ്യർ വസിക്കുന്നയിടം ഭൂലോകം .ഇവിടെ മനുഷ്യരോടൊപ്പം ദേവന്മാരും ദേവതകളും വസിക്കുന്നു .വലിയ നൈറ്റ് ക്ലബ്ബ് കളും വാണിജ്യ വ്യവസായ സ്ഥാപനങ്ങളും വസ്ത്ര ശാലകളും എന്തിനധികം ,വേശ്യാലയങ്ങൾ വരെ ദേവന്മാർ ഭൂമിയിൽ വിജയകരമായി നടത്തുന്നു .എല്ലാ ദേവന്മാരും ഭൂമിയിൽ മനുഷ്യരോടൊപ്പം കറങ്ങി നടക്കും.മനുഷ്യരെ സ്നേഹിക്കും ,പ്രണയിക്കും ഉപയോഗിച്ച് വലിച്ചെറിയുകയും ചെയ്യും. ചില ദേവന്മാർക്ക് മനുഷ്യ സ്ത്രീകളോട് യഥാർത്ഥ പ്രണയം ഉണ്ടാവാറുണ്ട് . അവരിൽ ജനിക്കുന്ന മക്കൾക്ക് ഡെമി ഗോഡ് എന്നാണ് പറയുക .

മരിച്ചവർ വസിക്കുന്ന അധോലോകം ഭൂമിക്ക് അടിയിലാണ് .അധോലോകത്തിലാണ് ടാർടാറസ് [Tartarus ] എന്ന് പേരുള്ള നരകം.പാപികളുടെ ആത്മാക്കളെ ദണ്ഡിപ്പിക്കുന്നയിടം .മരിച്ചവരുടെ രാജാവാണ് ഹേയ് ഡീസ് . ആയിരാമാണ്ടുകൾ പ്രായമുള്ളവനാണ് അയാൾ . കറുത്ത നിറവും ആറര അടിയോളം ഉയരവും ഉള്ള അതിസുന്ദരൻ .ഇത്രയേറെ പ്രായമുള്ളവൻ ആയിരുന്നിട്ടും രണ്ട് ജലദേവതമാരുമായിട്ടു മാത്രമേ അയാൾ ലൈംഗിക ബന്ധം പുലർത്തിയിട്ടുള്ളു . അതും ഹ്രസ്വകാലത്തേക്ക് മാത്രം .വിധി ദേവതമാർ [അവർ മൂന്നു പേരാണ് ] ഹേയ് ഡീസിന് ഭാര്യയാവാൻ അതിസുന്ദരിയായ ഒരു പെൺകുട്ടിയെ ജനിപ്പിച്ചിട്ടുണ്ട് , ഡെമെറ്റർ എന്ന കാലാവസ്ഥയുടെയും വിളവെടുപ്പിന്റെയും ദേവതയുടെ മകളായി. അവളുടെ പേരാണ് പെർസെഫനി . വസന്തകാലത്തിന്റെ ദേവതയാണവൾ .

ഹെയ്ഡിസിന്റെയും പെർസെഫനി യുടേയും പ്രണയവും , ഡെമെറ്ററുടെ കഠിനമായ പ്രതിക്ഷേധത്തിനു വഴങ്ങാതെ സ്യൂസിന്റെ അനുവാദത്തോടെ ഹേയ്ഡീസും പെർസെഫ+നിയും വിവാഹിതരാവുന്നതും കലികയറിയ ഡെമെറ്റർ ,ഭൂമിയിലെ മനുഷ്യരെ ," മലപോലെ മഞ്ഞുപെയ്യിച്ച് " അപകടങ്ങൾ ഉണ്ടാക്കി നശിപ്പിക്കുന്നതും മനുഷ്യസ്നേഹിയായ പെർസെഫനി യുടെ ഹൃദയം തകരുന്നതും നിവർത്തിയില്ലാതെ ആ ദുഷ്ടയായ മാതാവിനെ മകൾ വധിക്കുന്നതുമായ കഥ ഏഴു പുസ്തകങ്ങളായി മിസ് സെന്റ്ക്ലയെർ എഴുതിയിരിക്കുന്നു .സെക്സിന്റെ അതിപ്രസരം ഉണ്ടെന്നതൊഴികെ മറ്റ് അസൗകര്യങ്ങൾ ഒന്നുമില്ലാത്ത ഈ പുസ്തകങ്ങൾ ഏഴും ഞാൻ ഒരു തവണ വായിച്ചു. സ്വർഗ്ഗത്തിലും ഭൂമിയിലുമായി ജീവിക്കുന്ന നിരവധി ദേവന്മാരെയും ദേവതമാരെയും ഞാൻ കണ്ടുമുട്ടി . ഒറ്റ നോട്ടം കൊണ്ട് മനുഷ്യരെ കൊല്ലുന്ന ഗോർഗണ് രാക്ഷസരും , Ogre (മനുഷ്യരെ തിന്നുന്ന രാക്ഷസൻ )കളും ,ജലദേവതകളും , ആടിന്റെയോ കുതിരയുടെയോ മുഖവും കൊമ്പുകളും കാലുകളും മനുഷ്യ ശരീരവുമുള്ള സറ്റയർ [ Satyr ]കളും നമ്മെ അമ്പരപ്പിക്കയും ആനന്ദിപ്പിക്കയും ചെയ്യും .

************************************************************